കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അലയമൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി1/426/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 05/06/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :അലയമൺ ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കൊല്ലം

3.കാര്യാലയ പകർപ്പ്

നംകെ.എസ്.എ.കെ.എൽ.എം.പി1/426/2020, തിയതി : 05/06/2020

## കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2018 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ<br>04.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ് കുമാർ. ബി<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. രാജൻ. വി. ഡി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ചന്ദ്രപ്രകാശ്. സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജയകുമാരിഅമ്മ. ജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എം. ഹംസ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. വി. സുരേഷ് കുമാർ | 01.04.2018 മുതൽ 31.03.19 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അനീഷ് കുമാർ. ജെ | 01.04.18 മുതൽ 28.06.18 വരെ |
| | ശ്രീമതി. ഷൈന ഹാഷീം | 29.06.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ശ്യാം മോഹൻ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മേരി സുഷമ | 01.04.18 മുതൽ 05.07.18 വരെ |
| | ഡോ. ദീപ. എൽ | 06.07.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജൻ | ഡോ. ജോയ് ഫ്രാൻസിസ് | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അമ്പിളി. റ്റി | 01.04.18 മുതൽ 20.11.18 വരെ |
| | ശ്രീമതി. അമ്പിളി. സി. എം | 21.11.18 മുതൽ 18.12.19 വരെ |
| | ശ്രീമതി. പ്രീയകുമാർ | 19.12.18 മുതൽ 31.12.18 വരെ |
| | ശ്രീമതി. അമ്പിളി.റ്റി | 31.12.18 മുതൽ 31.03.19 വരെ |
| പ്രഥമ അധ്യാപിക | ശ്രീമതി. ബിനി. ഡി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഷാജിതാ ബീഗം | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ | ശ്രീമതി. ജയമോൾ. കെ | 01.04.18 |

| | | |
|---|---|---|
| ഓഫീസർ | (അലയമൺ സർക്കിൾ) | മുതൽ<br>31.03.19 വരെ |
| | ശ്രീമതി. ഷൈനി. ആർ. എസ്<br>(ചണ്ണപ്പേട്ട സർക്കിൾ) | 01.04.18<br>മുതൽ<br>31.3.19 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി. വത്സലകുമാരി | 01.04.18<br>മുതൽ<br>18.01.19 വരെ |
| | ശ്രീമതി. ജയലക്ഷ്മി | 19.01.19 മുതൽ<br>31.03.19 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ. അജീഷ് കുമാർ. ബി.<br>എസ് | 01.04.18<br>മുതൽ<br>31.03.19 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ് മെൻറ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെവിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 13 | വാടക ഈടാക്കിയിട്ടില്ല. | 1-13 |
| 14 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറി പ്രവർത്തിക്കുന്നില്ല. | 1-14 |
| 15 | വൃദ്ധർക്ക് കട്ടിൽ - നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 16 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) - പദ്ധതി നിർവ്വഹണത്തിന്ശേഷവും തുക വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നു. | 1-16 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-17 |
| 18 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം - പൊതു അപാകതകൾ | 1-19 |
| 20 | എം.സി.എഫ് ഷെഡ് നിർമ്മാണം- എം ബുക്ക് അളവുകളും | 1-20 |

| | | |
|---|---|---|
| | യഥാർത്ഥ അളവുകളും തമ്മിൽ വ്യതിയാനം.4090/- രൂപ തിരികെ ഇടാക്കണം. | |
| 21 | പൊതു കെട്ടിടങ്ങളുടെ വയറിങ്:പദ്ധതി നടത്തിപ്പിൽ അപാകത,935216/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. | 1-21 |
| 22 | റീടാറിങ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല,10959/-രൂപയുടെ നഷ്ടം. | 1-22 |
| 23 | ഭവന പുനരുദ്ധാരണം 9 ഗുണഭോക്താക്കൾ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നു. | 1-23 |
| 24 | ഇലക്ട്രിസിറ്റി ബോർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി നിക്ഷേപിച്ച തുക – പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-24 |
| 25 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയ തുക- അടച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-25 |
| 26 | ലൈഫ് ഭവന പദ്ധതി 4 ഭവനങ്ങൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നു. | 1-26 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല | |
| 27 | എം.സി.എഫ് ഷെഡ് നിർമ്മാണം- എം ബുക്ക് അളവുകളും യഥാർത്ഥ അളവുകളും തമ്മിൽ വ്യതിയാനം.4090/- രൂപ തിരികെ ഇടാക്കണം. | 3-1 |
| 28 | റീടാറിങ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല, 10959/-രൂപയുടെ നഷ്ടം. | 3-2 |
| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മോബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം-2018-19 | അനുബന്ധം |

| | | |
|---|---|---|
| | | 1 |
| 41 | സംക്ഷിപ്തം (Audited Abstract) | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 16.5.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11757313 |
| വരവ് | 88911492 |
| ആകെ | 100668805 |
| ചെലവ് | 81611767 |
| നീക്കിയിരിപ്പ് | 19057038 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15916609 | 15916609 | 15719002 | 197607 |
| വികസന ഫണ്ട്-എസ്.സി.പി ( ACR പ്രകാരം) | 0 | 7416000 | 7416000 | 7408666 | 7334 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 69000 | 69000 | - | 69000 |
| മെയിന്റനൻസ്, റോഡ് (ACR | 0 | 5145000 | 5145000 | 5109455 | 35545 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3581000 | 3581000 | 3580398 | 602 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7387000 | 7387000 | 7315930 | 71070 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | 683 | 31 | 714 | 0 | 714 |
| ദുരിതാശ്വാസ നിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 42949813 | 42949813 | 42949813 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10423 | 986501 | 996924 | 996027 | 897 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)TSC | | 1266236 | 1265057 | 2531293 | 0 | 2531293 |
| WGDP | | 639841 | 22691 | 662532 | 0 | 662532 |
| ICDS | | 2752204 | 828713 | 3580917 | 456170 | 3124747 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം | | 1018130 | 140000 | 1158130 | 140000 | 1018130 |

| | | | | | | |
|---|---|---|---|---|---|---|
| തിരിച്ച് ചേർക്കുക) TSC | | | | | | |
| വിമുക്തി | | 37500 | 25000 | 62500 | 62500 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3600 | 2261229 | 2264829 | 2209032 | 55797 |
| | ജില്ലാ പഞ്ചായത്ത് | 6000 | 3183808 | 3189808 | 2350000 | 839808 |
| ബി ഫണ്ട് | | - | 366600 | 366600 | 366600 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5422089 | 32809496 | 38231585 | 33261342 | 4970243 |
| | ട്രഷറി അക്കൗണ്ട് | 600607 | 7888915 | 8489522 | 2636645 | 5852877 |
| മറ്റിനം | | - | - | - | - | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 39654000 | 123 | 39133451 | 4 | 50 | 98.68% |

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 10423 | 986501 | 996924 | 996027 | 897 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42949813 | 42949813 | 42949813 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 186600 | 103 |
| കർഷക തൊഴിലാളി പെൻഷൻ | 4363700 | 356 |
| വിധവാപെൻഷൻ | 1236000 | 1047 |
| വാർദ്ധക്യകാല പെൻഷൻ | 14663100 | 1521 |
| വികലാംഗ പെൻഷൻ | 3135400 | 268 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 188200 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.2.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 73850/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട്

ചെയ്യുന്നുണ്ട്. ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

2018-19 വാർഷികധനകാര്യപത്രിക പ്രകാരം ക്രയവിക്രയമില്ലാതെ ബാങ്ക് അക്കൗണ്ടുകളിൽ തുക ശേഷിക്കുന്നു. പ്രസ്തുത അക്കൗണ്ടുകളിൽ പലിശവരവുമാത്രമാണുള്ളത്. നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തനതു ഫണ്ട് അക്കൗണ്ടിൽ വരവുവയ്ക്കേണ്ടതും വാർഷികക്കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.1.2020-23.1.2020 | 11/19<br>12/19 | 24.2.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.5.17 | 2012-13<br>&<br>2016-17 | 8.6.2017 |

## 1-11 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബി-9 ഷെഡ്യൂളിലെ ' Liability in respect of stale cheques ' ഇനത്തിൽ 5,670/- രൂപയാണ് AFS- ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|---|
| 1. | 2139638/28.3.18 | 984/- |
| 2. | 2139640/28.3.18 | 1909/- |
| 3. | 2139645/31.3.18 | 936/- |
| 4. | 128816/29.6.18 | 540/- |
| 5. | 20911/16.3.15 | 9280/- |
| | ആകെ | 13649/- |

പണമാക്കാത്ത ചെക്കുകൾ ക്രമീകരിക്കേണ്ടതാണ്.

2. ബി.2 ഷെഡ്യൂളിൽ ' Other Trust or Agency Fund' ഇനത്തിലെ ബാധ്യതയായി കാണിച്ചിട്ടുള്ള 8,075/-രൂപ ക്രമീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലും ബാധ്യതയായി നിലനിർത്തി വരുന്ന തുകയാണ്.

3. ബി-11(a) ഷെഡ്യൂൾ ' Capital Work in progress ' ഇനത്തിൽ - 3910280/-രൂപ എന്ന് കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കിയില്ല.

4. RP -43(വരവ്) , ' Property tax' ഇനത്തിലെ തുകയും ' സഞ്ചയ ' പ്രകാരമുള്ള വരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | RP -43 പ്രകാരം വരവ് | സഞ്ചയപ്രകാരം വരവ് |
|---|---|---|
| Residential Building Current | 2178682 | 1784766 |
| Residential Building Arrear | 682567 | 531933 |
| Non Residential Building Current | 949622 | 1339322 |
| Non Residential Building Arrear | 247270 | 402120 |

' സഞ്ചയ ' പ്രകാരമുള്ള ബാലൻലസ് തുകയും ബി-15 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നുമില്ല.

5) റ്റി.എസ്.സി ഇനത്തിൽ ബി-4 ഷെഡ്യൂളിലെ തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ബി-4 (റ്റി.എസ്.സി) - 2531293/-

ബി -17 (റ്റി.എസ്.സി) - 1261110/-

6) ബി-3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 30900733/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ, Fixed Assets ഇനത്തിൽ (ബി-11 + ബി-11(a)) കാണിച്ചിരിക്കുന്ന 56582390/-രൂപയാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

7) ബ്ലോക്ക്/ജില്ലാപഞ്ചായത്ത് മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ജോയിന്റ് വെഞ്ചർ ആക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

## 1-12 സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 3 | KSEB, കരുകോൺ | I &II |
| 4 | BSNL | I &II |

മേൽ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.11/28.2.2020)ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമാണെന്ന മറുപടി ലഭ്യമാക്കി. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാടക ഈടാക്കിയിട്ടില്ല.

1. 2018-19 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന അഞ്ചൽ ശിശുവിഹാർ കെട്ടിടം 1661/- രൂപ മാസവാടകയ്ക്ക് പ്രസിഡന്റ്, കോൺഗ്രസ്സ് കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. തൻവർഷത്തെ വാടകയിനത്തിൽ 12732/- രൂപ (1661X12) പലിശ സഹിതം ഈടാക്കേണ്ടതാണ്. വാടക ഈടാക്കിയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. കുടിശ്ശികതുക പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2. ചന്നപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം. 24 VFPCK വിപണി പ്രവർത്തിക്കുന്നതിനായും കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിന്റെ 6, 7, 8 മുറികൾ സപ്ലൈക്കോയ്ക്കും വാടകരഹിതമായി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് എഗ്രിമെന്റ് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്നും ആയതു സ്ഥാപനത്തിൽനിന്നും വാങ്ങി ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വാടകരഹിതമായി കടമുറികൾ നൽകാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. വാടക രഹിതമായി കടമുറികൾ അനുവദിച്ചു നൽകിയതുമൂലമുള്ള നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചന്നപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം. 11, 15, കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം. 15 എന്നീ കടമുറികളിൽ നിന്നും വാടക ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 2/24.2.2020) നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരം 24273/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്.

| കടമുറി നം | തുക ഒടുക്കിയ | ഒടുക്കിയ തുക | രസീത് നം./ തീയതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | വ്യക്തി | | | |
| ചണ്ണപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.11 | രാജു, രമ്യഭവൻ | @455/- 5460 | 119030104836/ 4.3.2020 | പിഴപ്പലിശ ഈടാക്കിയിട്ടില്ല |
| ചണ്ണപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.15 | രാജേന്ദ്രൻപിള്ള, ശ്രീമംഗലത്ത് | @448/- 5998 | 119030104764/ 28.2.2020 | - |
| കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം.15 | അയൂബ് ഖാൻ, പ്ലാവിള പുത്തൻ വീട് | @897/- 12815 | 119030104742/ 28.2.2020 | - |
| | ആകെ | 24273 | | |

വാടക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും സമയബന്ധിതമായി വാടക ഈടാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറി (അലയമൺ സാംസ്കാരിക നിലയം) പ്രവർത്തിക്കുന്നില്ല. ലൈബ്രറിയുടെ വരവിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം. 16/3.3.2020) മറുപടി ലഭ്യമാക്കിയില്ല. പാർട്ടൈം ലൈബ്രേറിയൻ (2019-2020 – ൽ ഫുൾടൈം ലൈബ്രേറിയൻ) പഞ്ചായത്തിലുണ്ടെങ്കിലും ടിയാൻ പഞ്ചായത്ത് ഓഫീസിൽ നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി, അസി. എൻജിനീയറുടെ ഓഫീസിലെ ജോലി എന്നിവ ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ടി സാംസ്കാരിക നിലയത്തിൽ ലൈബ്രറി പ്രവർത്തിക്കുന്നില്ല എന്നും ആയത് അംഗൻവാടിയായി പ്രവർത്തിച്ചുവരുന്നതായും അറിയാൻ സാധിച്ചു. ഇതിനാൽ ഗ്രന്ഥശാലയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-15 വൃദ്ധർക്ക് കട്ടിൽ - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതി നമ്പർ | എസ്.ഒ. 168/2018-2019 |
| | |

| | |
|---|---|
| പദ്ധതി | വൃദ്ധർക്ക് കട്ടിൽ (പട്ടികജാതി) |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 4,51,850 |
| ചെലവ് | 2,54,100 |
| ബിൽ നമ്പർ | 02/13.07.2018 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 66 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്നാൽ ഗുണഭോക്തൃ പട്ടിക പരിശോധിച്ചതിൽ ഈ ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെടുകയോ ലിസ്റ്റ് ഗ്രാമസഭയുടെ അനുവാദം വാങ്ങുകയോ ചെയ്തിട്ടില്ല.
2. ഈ പദ്ധതിയുടെ ടെന്റർ/ക്വട്ടേഷൻ നടപടികൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതിയാണിതെന്നും ആ ഫയലിലാണ് ക്വട്ടേഷൻ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് എന്നും, ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങുന്നാണെന്നും മറുപടി നൽകി. രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക 2,54,100/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ (ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സംബന്ധിച്ച രേഖകൾ) ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്ത പക്ഷം ചെലവ് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 04/25.02.2020 |
| തടസ്സപ്പെടുത്തിയ തുക | 2,54,100/- |

## 1-16 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ - പദ്ധതി പൂർത്തീകരണത്തിന് ശേഷവും തുക വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നു.

1. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വാട്ടർ അതോറിട്ടിയിൽ നിക്ഷേപ പ്രവൃത്തിക്കായി ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം തുകകൾ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ/ധനവിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയതിൻപ്രകാരം, പണി പൂർത്തീകരിച്ചതിന്

ശേഷം വാട്ടർ അതോറിട്ടിയിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം | എസ്റ്റിമേറ്റ് പ്രകാരം നൽകേണ്ട തുക | തൻവർഷം നൽകിയ തുക | തൻവർഷം ചെലവായ തുക | വാട്ടർ അതോറിട്ടിയിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 85/19 പൈപ്പ് ലൈൻ നീട്ടൽ (വിവിധ സ്ഥലങ്ങൾ) | 1300000/- | 1300000/- ബിൽ നം/ തീയതി 12/26.09.2018 | 828235/- | 471765/- |
| 59/19 കാരായികോണം പൈപ്പ് ലൈൻ നീട്ടൽ | 200000/- | 200000/- ബിൽ നം/ തീയതി 14/12.11.2018 | 131001/- | 68999/- |

2. 2018-2019 സാമ്പത്തിക വർഷം എസ്.സി.പി അസിസ്റ്റന്റ് സെക്രട്ടറി ഫണ്ട് വകയിരുത്തി നിർവ്വഹണം നടത്തിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കുടിവെള്ള പദ്ധതികളിലാണ് പദ്ധതി നിർവ്വഹണത്തിന് ശേഷവും തുക കേരള വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | ഡെപ്പോസിറ്റ് തുക | പൂർത്തീകരിച്ച തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|
| 1. | എസ്.058 /2018-2019 വലിയവയൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) | 1,58,000 | 1,21,995 | 36,005 |
| 2. | എസ്.061/2018-2019 നാലേക്കർ കമ്പകപ്പണ്ണ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി) | 1,58,914 | 1,28,703 | 30,211 |
| 3. | എസ്.ഒ. 69/2018-2019 | 6,00,000 | 4,86,665 | 1,13,335 |

| | | | | |
|---|---|---|---|---|
| | താഴേ മീൻകുളം പട്ടികജാതി കോളനി കുടിവെള്ള വിതരണം | | | |
| | | | ആകെ | 1,79,551 |

പദ്ധതി നിർവ്വഹണത്തിന് ശേഷം ഡെപ്പോസിറ്റായി ശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനോ അടുത്ത വർക്കിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

രാജ്യത്തിലെ ജനങ്ങളിൽ കായിക തൊഴിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവർക്ക് ഒരു വർഷം 100 ദിവസം തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 567 കുടുംബങ്ങൾക്ക് നൂറ് ദിന തൊഴിൽ പൂർത്തീകരിക്കാൻ സാധിച്ചു. നിർവഹണത്തിൽ പ്രധാന പങ്കം കിണർ നിർമ്മാണം, കുളങ്ങൾ, മഴക്കുഴി നിർമ്മാണം, ഭൂവികസനം, തോട് സംരക്ഷണം എന്നിവയ്ക്കായാണ് നീക്കിവെച്ചത്. 2018-19 ലെ പദ്ധതി മാർഗരേഖ പ്രകാരമുള്ള പ്രകൃതി വിഭവ സംരക്ഷണം, മാലിന്യനിർമാർജനം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകും വിധമുള്ള പ്രവർത്തനങ്ങൾ നിർവഹിച്ചിട്ടില്ല. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്. പ്രവർത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ പരിപാലിക്കാത്ത സാഹചര്യമാണുള്ളത്. ആസ്തി രജിസ്റ്ററിൽ യഥാർത്ഥത്തിൽ സൃഷ്ടിച്ചിട്ടുള്ള സുസ്ഥിര ആസ്തികൾ മാത്രം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിനായി അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഡീറ്റയിൽഡ് എസ്റ്റിമേറ്റ് – എം ബുക്ക് രേഖപ്പെടുത്തലുകൾ ഒത്തുപോകും വിധം രേഖപ്പെടുത്തലുകൾനടത്തി അസി. എഞ്ചിനീയറും സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും തൃപ്തികരമായി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും തൽസ്ഥിതി എം-ബുക്ക്

രേഖപ്പെടുത്തലുകളിൽ നിന്നും തികച്ചും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രവൃത്തി ഫയലുകൾക്കൊപ്പം സൂക്ഷിക്കേണ്ടുന്ന എം-ബുക്കുകൾ എഴുതി സൂക്ഷിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. 2018-19 ലെ ആകെയുള്ള 295 പ്രവൃത്തികളിൽ 29 പ്രവൃത്തികൾക്ക് മാത്രമാണ് എം-ബുക്കുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളത്. അതുകൊണ്ട്തന്നെ ഭൂരിഭാഗം പ്രവൃത്തികളുടെയും ചെലവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. പല പ്രവൃത്തികൾക്കും എം-ബുക്കുകളില്ലാത്ത അസാധാരണമായ സ്ഥിതിവിശേഷം ഉണ്ട്. ശേഷിക്കുന്ന പ്രവൃത്തികളുടെ എം-ബുക്കുകൾ എഴുതി പൂർത്തിയാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് തല ഭരണനിർവഹണ വിഭാഗം അതീവ ശ്രദ്ധ പുലർത്തേണ്ടത് ഫണ്ട് വിനിയോഗത്തിന്റെ സുതാര്യതയ്ക്ക് അനിവാര്യമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-18 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മരുന്ന്/ഉപകരണങ്ങൾ വാങ്ങലിനായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവരം | പ്രോജക്ടിന്റെ വിവരങ്ങൾ | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കിയ മരുന്നുകളുടെ മൂല്യം (രൂപ) | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം (രൂപ) |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | 16/19 പാലിയേറ്റീവ് കെയർ | 1,09,800/- ബിൽ നം. 23/14-02-2019 കെ.എം.എസ്.സി.എൽ (വികസന ഫണ്ട് ജനറൽ) | 49,432/- | 60,368/- |

ലഭ്യമാകാൻ ശേഷിക്കുന്ന 60,368/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്കുകളുടെ പരിപാലനം - പൊതു അപാകതകൾ

തെരുവ് വിളക്ക് പരിപാലനം പദ്ധതി നിർവഹണത്തിന്റെ ഭാഗമായി തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി സുതാര്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുകാണുന്നില്ല. 2017-18, 2018-19 വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ വാങ്ങൽ – മെയിന്റനൻസ് എന്നിവ ടെണ്ടർ നടപടികളിലൂടെ പൂർണ്ണചുമതല കരാറുകാരന് നല്കുന്ന സംവിധാനമാണ് പഞ്ചായത്ത് അനുവർത്തിക്കുന്നത്. പ്രോജക്ട് നമ്പർ 167/2019 – തെരുവ് വിളക്കുകളുടെ പരിപാലനം – സംബന്ധിച്ച പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വാർഡ് തലത്തിലുള്ള തെരുവുവിളക്കുകൾ സംബന്ധിച്ച കൃത്യമായ രേഖകൾ നിലവിൽ വ്യവസ്ഥാപിതമായി സൂക്ഷിക്കുന്നില്ല. തെരുവുവിളക്കുകൾ സംബന്ധിച്ച രേഖകൾ വാർഡ് തല രജിസ്റ്ററുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. അതത് വാർഡ് മെമ്പർമാർ ലഭ്യമാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന പ്രവണതയാണ് അനുവർത്തിക്കുന്നത്. തെരുവുവിളക്കുകൾ സംബന്ധിച്ച കൃത്യമായ രേഖകൾ ഇല്ലാത്ത നിലയിൽ ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.
3. വിവിധ വാർഡുകളിലെ തെരുവുവിളക്കുകൾ സ്ഥാപനവും അറ്റകുറ്റപണികളും സംബന്ധിച്ച് വാർഡ് മെമ്പർമാർ ലഭ്യമാക്കുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി മുഖേന കരാറുകാരന് നിർദ്ദേശം നല്കും വിധം പ്രവർത്തനം

ഏകോപിപ്പിക്കേണ്ടതാണ്.

4. കരാറുകാരൻ ലഭ്യമാക്കുന്ന ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തിയതായി കാണുന്നില്ല.

5. സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. ഓരോ ഇനത്തിലുമുള്ള ഉപകരണങ്ങളുടെ ലഭ്യത, വിനിയോഗം ഇവ കാലികമാക്കി ക്രമീകരിച്ചു കാണുന്നില്ല. പ്രത്യേകമായി സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും ഉപകരണങ്ങൾ ഇൻഡന്റ് മുഖേന വിതരണം ചെയ്യേണ്ടതുമാണ്.

6. നിലവിൽ വിതരണം/തെരുവുവിളക്കുകളുടെ സ്ഥാപനം ഇവ സംബന്ധിച്ചുള്ള കൃത്യത ഉറപ്പാക്കും വിധമുള്ള സുതാര്യമായ ക്രമീകരണങ്ങൾ ഇല്ല. ഉപകരണങ്ങൾ യഥാവിധി ഉപയോഗിക്കുന്നു എന്നതിന് വാർഡ് തലത്തിൽ സുസ്ഥിരമായ മോണിറ്ററിംഗ് സംവിധാനങ്ങൾ ഉറപ്പുവരുത്താവുന്നതാണ്. വാർഡ് തല വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക രജിസ്റ്റർ ക്രമീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

7. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതേതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം വീതം കണക്കാക്കിയാണ് പരിഷ്കരിച്ച താരിഫ് പ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി : 08/26.02.2020

## 1 - 20 എം.സി.എഫ് ഷെഡ് നിർമ്മാണം- എം ബുക്ക് അളവുകളും യഥാർത്ഥ അളവുകളും തമ്മിൽ വ്യതിയാനം. 4095/- രൂപ തിരികെ ഇടാക്കണം.

പ്രോജക്ട് നം. – 53/19

അടങ്കൽ തുക. – 500000/-(വികസന ഫണ്ട്)

നിർവ്വഹണ അധികാരി. – അസി. എഞ്ചിനീയർ.

ചെലവ്. – 493455/-ബിൽ നം.295/23.3.19

കരാറുകാരൻ. – ഷാജഹാൻ.എ

കരാർ നം. – 73/AE/LSGD/ALYN/16.10.18

എം ബുക്ക് നം. – 109/18-19,82/18-19,83/18-19.

എം.സി.എഫ് ഷെഡ് നിർമ്മാണം എന്ന പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടം 26.02.2020ന് പഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയറുടെയും ഓവർസിയറുടെയും സാന്നിധ്യത്തിൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയതിൽ, പ്രവർത്തിയുടെ നാലാം ഇനമായ 7.1.1-random rubble masonry...., ആറാം ഇനമായ 50.6.1.5 Solid Block Masonary....എന്നീ പ്രവൃത്തികളുടെ എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളും പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട യഥാർത്ഥ അളവുകളും തമ്മിൽ വ്യത്യാസമുള്ളതായി കണ്ടു. അളവുകൾ തമ്മിലുള്ള മൂല്യ വ്യത്യാസം ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.

1. 7.1.1-random rubble masonry....

എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ

2 x 5.25x 0.45x 0.47 = 2.221 $m^3$

2x3.35x0.45x0.47 = 1.418 $m^3$

ആകെ – 3.639$m^3$

പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട അളവുകൾ

2x 5.05x0.45x0.47 = 2.136 $m^3$

2x3.10x0.45x0.47 = 1.311 $m^3$

ആകെ – 3.447 $m^3$

അളവുകളിലെ വ്യത്യാസം = 0.191 $m^3$

0.191 $m^3$@5809.39 = 1115/- രൂപ

2. 50.6.1.5 Solid Block Masonary....

എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ.

2x5.4x0.2x2.1 = 4.536 $m^3$

2x5.4x0.2x0.75 = 1.62 $m^3$

ആകെ – 6.156 $m^3$

പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട അളവുകൾ.

2x4.95x0.2x2.1 = 4.158 $m^3$

2x4.95x0.2x0.75 = 1.485 $m^3$

ആകെ – 5.643 $m^3$

അളവുകളിലെ വ്യത്യാസം = 0.513.$m^3$

0.513 $m^3$@5809.87 = 2980/- രൂപ

മേൽ പരാമർശ അപാകതകൾ മൂലം 4095/- രൂപ കരാറുകാരന് അനർഹമായി നൽകിയിട്ടുണ്ട്. 4095/- രൂപ കരാറുകാരനിൽനിന്നോ, ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽനിന്നോ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1 - 21 പൊതു കെട്ടിടങ്ങളുടെ വയറിങ്:പദ്ധതി നടത്തിപ്പിൽ അപാകത,935216/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

'അലയമൺ ഗ്രാമപഞ്ചായത്തിലെ എല്ലാ പൊതു കെട്ടിടങ്ങളുടെയും വയറിങ് '(പ്രോജക്ട് നം. 159/19) എന്ന പദ്ധതി സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

അടങ്കൽ തുക – 10,00000/- (Maintanance fund-non road)
നിർവ്വഹണ അധികാരി. അസി. എഞ്ചിനീയർ.

ചെലവിന്റെ വിശദാംശങ്ങൾ-

പ്രവൃത്തി മൂല്യം – 898304/-

ടെന്റർ ഡോക്കുമെന്റ്സ്, എസ്റ്റിമേറ്റ്സ്, ബിൽ എന്നിവ തയ്യാറാക്കുന്നതിന്റെ ഫീസ് – 27684/-

Charges for technical sanction report &check measurement - 9228/-

ആകെ - 935216/- (ബിൽ നം.236/28.4.18)

കരാറുകാരൻ – സുനിൽ ലാൽ, സുജിതാമന്ദിരം, പേരയം.

മേൽ പദ്ധതിയിൽ ആനക്കുളം ഡബ്ല്യൂ. യു. പി. എസ്, കൃഷിഭവൻ, ജെ. ആർ. വൈ റീഡിങ് റൂം, ഗവ. എൽ. പി. എസ് ബിൽഡിങ്, ആനക്കുളം ഐ സി ഡി പി സബ് സെൻറർ, പുത്തയം ഐ സി ഡി പി സബ് സെൻറർ, വ്യവസായ കേന്ദ്രം – പുത്തയം, അംഗൻവാടി നമ്പർ 49 പുത്തയം, 39 വനത്തുംമുക്ക്, 30 കുറ്റിനാട്, 47

വലിയ വയൽ, 42 വാലുപണ എന്നീ കെട്ടിടങ്ങളുടെ വയറിങ് പ്രവർത്തികൾ നിർവഹിക്കുന്നതിനായാണ് 935216/- രൂപ ചെലവഴിച്ചിട്ടുള്ളത് .

26.2.2020 ന് ഓഡിറ്റ് ടീം, പഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ജെ. ആർ. വൈ റീഡിങ് റൂം എന്ന് വ്യാഖ്യാനിച്ച കെട്ടിടം, റജിസ്റ്റർ നമ്പർ. 3276 ആയ പുത്തയം പബ്ലിക് ലൈബ്രറി കെട്ടിടം ആണെന്നും, കെട്ടിടത്തിൽ പ്രൊജക്റ്റ് പ്രകാരമുള്ള വയറിങ് പ്രവൃത്തികൾ നടത്തിയിട്ടില്ലെന്നും നേരിൽ കണ്ട് ബോധ്യപ്പെട്ടു. അതുപോലെതന്നെ, വ്യവസായകേന്ദ്രവും പ്രാദേശിക പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. വേർതിരിച്ചിട്ടില്ലാത്ത രണ്ടു കടമുറികളോട് കൂടിയതും നമ്പർ. 44 അംഗൻവാടി പ്രവർത്തിച്ചു വരുന്നതുമായ കെട്ടിടമാണ് വ്യവസായ കേന്ദ്രം എന്ന നിലയിൽ, പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് കാട്ടിത്തന്നത്. ജെ .ആർ. വൈ റീഡിങ് റൂം, വ്യവസായ കേന്ദ്രം എന്നീ കെട്ടിടങ്ങൾ ഓഡിറ്റ് ടീമിന് കാണിച്ചുതരുവാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല എന്ന് മാത്രമല്ല, പ്രസ്തുത കെട്ടിടങ്ങൾ ഏത് സാമ്പത്തിക വർഷങ്ങളിൽ നിർമ്മിച്ചതാണ്, പഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളതാണോ, എന്നീ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 6/26.02.2020 ന് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

പദ്ധതിപ്രകാരം വയറിങ് നടത്തിയ കെട്ടിടങ്ങളുടെ സിവിൽ പ്ലാൻ, ഇലക്ട്രിക്കൽ ഡ്രോയിംഗ് എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞില്ല. 5 അംഗനവാടി കെട്ടിടങ്ങളുടെ വയറിങ് പ്രവൃത്തിക്കായി, ഒറ്റ കെട്ടിടം എന്ന നിലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തി കാണുന്നു. അഞ്ചു കെട്ടിടങ്ങളിലേയും പ്രവൃത്തി അളവുകൾ എം ബുക്കിൽ ഒരുമിച്ച് രേഖപ്പെടുത്തി. വയറിങ്ങിന് ആവശ്യമായ സാമഗ്രികൾ വ്യത്യസ്ത അളവിലും എണ്ണത്തിലും ആണ് വിനിയോഗിച്ചു കാണുന്നത്. അതായത് 5 അംഗനവാടികൾക്കായി 5ഓ 5-ന്റെ ഗുണിതങ്ങളോ ആയല്ല ഓരോ ഇനവും വിനിയോഗിച്ചതായി രേഖപ്പെടുത്തി കാണുന്നത്. ഇതുമൂലം ഓരോ കെട്ടിടത്തിലും ചെയ്ത പ്രവർത്തികൾ വേർതിരിച്ചറിയാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കി. ഈ അപാകതകൾ ചൂണ്ടിക്കാണിച്ച്, വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 6/26.02.2020).

എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ ഡോക്യുമെൻറ് തയ്യാറാക്കൽ, സൂപ്പർ വിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 3% തുക ശ്രീ. കെ. രമണൻ എന്ന ഇലക്ട്രിക്കൽ പാനൽഎഞ്ചിനീയർക്കും, കൂടാതെ ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനും ചെക്ക് മെഷർമെൻറ് നടത്തുന്നതിനുമുള്ള ചാർജ് ഇനത്തിൽ

എസ്റ്റിമേറ്റ് തുകയുടെ 1% തുക മറ്റൊരു ഇലക്ട്രിക്കൽ പാനൽ എൻജിനീയറായ ശ്രീ. ഷംസുദ്ദീൻകുഞ്ഞ് എന്ന വ്യക്തിയുടെ പേരിലും ചെലവഴിച്ചിട്ടുണ്ട് .

കരാർ പത്രത്തിൽ കരാർ നമ്പർ,തീയതി എന്നിവ രേഖപ്പെടുത്തുകയോ, പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ആരെങ്കിലും കരാറിൽ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല. 5 വാല്യം എം ബുക്കുകളിൽ ഒന്നിലും നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. എം ബുക്കുകളിൽ മേൽ പരാമർശിച്ച ശ്രീ. കെ. രമണൻ, ശ്രീ. ഷംസുദ്ദീൻകുഞ്ഞ് എന്നീ ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയർമാരല്ലാതെ മറ്റാരുംതന്നെ അളവുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയർമാരും അലയമൺ പഞ്ചായത്തും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന കരാർ പത്രങ്ങളോ മറ്റ് ഏതെങ്കിലും തരത്തിലുള്ള രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ, പദ്ധതിക്കു ചെലവഴിച്ച 935216/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

മേൽ പരാമർശ രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാത്തപക്ഷം, മേൽ 9,35,216/- രൂപ, പദ്ധതി നിർവ്വഹണഉദ്യോഗസ്ഥൻ എന്ന അധികാരമുപയോഗിച്ച് തുക മാറിനൽകിയ എൽ. എസ്. ജി. ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ഓഡിറ്റിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-22 റീടാറിങ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല,10959/- രൂപയുടെ നഷ്ടം.

2018 -19 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 'Packed Bitumen rate' ആണ് അനുവദിച്ച് നൽകിയിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരലുകളുടെ വില കുറവ് വരുത്തിയിട്ടില്ല എന്ന് കാണുന്നു.

1. എൻ.എസ്.എസ്.ഊത്താംപള്ളി – കളീലഴികം റോഡ് റീടാറിങ് (148 /19).

അടങ്കൽ തുക. – 684000/-(മെയിന്റനൻസ് ഗ്രാന്റ് ).

ചെലവ്. – 683826/-, ബിൽ നം. – 11/24.05.18.

കരാറുകാരൻ. – കെ. ബദറുദ്ദീൻ.

കരാർ നം. – 69/17-18 തീയതി-09/01/2018.

എം ബുക്ക് നം. – 46/17-18.

| | | | |
|---|---|---|---|

| പ്രവർത്തിഇനം | അളവ് | ബിറ്റുമിൻ ഇനം/അളവ് | ബാരലുകളുടെ എണ്ണം |
|---|---|---|---|
| 75.5.5.A.1.pb | $208.89m^2$ | S-65, 366kg | 2 |
| 75.5.9.1.2.pb | $2010m^2$ | ,, 2035kg | 19 |
| 75.5.12.A.32.pb | $2010m^2$ | ,, 1306kg | 8 |
| 75.5.2.1.pb | $2010m^2$ | RS1-452kg | 2 |

2. പാറക്കാട്ട് ഹോസ്പിറ്റൽ - ഉത്താംപള്ളി റോഡ് റീടാറിംഗ്.(143/19).

അടങ്കൽ തുക. – 542000/- (മെയിന്റനൻസ് ഗ്രാന്റ്).

ചെലവ് – 393253/- (ബിൽ നം.03/24.05.18.)

കരാറുകാരൻ – ഷിജു. സി. രാജു.

കരാർ നം. – 71/17-18 തീയതി-10/01/2018.

എം ബുക്ക് നം. – 58/17-18.

| പ്രവർത്തിഇനം | അളവ് | ബിറ്റുമിൻ ഇനം/അളവ് | ബാരലുകളുടെ എണ്ണം |
|---|---|---|---|
| 75.5.5.A.1.pb | 51.041m2 | S-65,89kg | 0 |
| 75.5.9.1.2.pb | 540m2 | ,, 788kg | 5 |
| 75.5.12.A.32.pb | 540m2 | ,, 351kg | 2 |
| 75.5.2.1.pb | 540m2 | RS1-121kg | 1 |

ആകെ എണ്ണം 39. 39 ബാരലുകൾക്ക് 238/-രൂപ നിരക്കിൽ (നികുതിയില്ലാതെയുള്ള നിരക്ക്) ആകെ – 9282/- രൂപ നഷ്ടമുണ്ടായതായി ഓഡിറ്റിൽ കണക്കാക്കുന്നു.

മേൽ അപാകതയ്ക്ക് മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/3.3.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 9282/- രൂപ അതാത് കരാറുകാരിൽനിന്നോ, അല്ലാത്ത പക്ഷം, ബന്ധപ്പെട്ട പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-23 ഭവന പുനരുദ്ധാരണം 9 ഗുണഭോക്താക്കൾ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | എസ്. 21/2018-2019 | |
| പേര് | വീട് മെയിന്റനൻസ് (എസ്.സി.) | |
| | | |

| | | |
|---|---|---|
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി) | 21,00,000 |
| ചെലവ്. | 17,00,400 | |

വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം പദ്ധതിയിൽ ഭവന പുനരുദ്ധാരണത്തിനായി 2018-2019 സാമ്പത്തിക വർഷത്തിൽ 28 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ചുവടെ ചേർക്കുന്ന 9 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക | |
|---|---|---|---|
| | | ബിൽ നമ്പർ | തുക |
| 1. | ഉത്തമൻ ഇലവും പൊയ്കയിൽ വീട്, ചണ്ണപ്പേട്ട വാർഡ്-VIII | 1/15.10.2018 | 35,000 |
| 2. | ഓമന സി.<br>ബിനു വിലാസം<br>വനത്തുംമുക്ക് വാർഡ്-VI | 6/26.10.2018 | 35,000 |
| 3. | സുധ.കെ.<br>ഉണ്ണി ഭവൻ,<br>ആനക്കുളം വാർഡ്-VIII | 9/25.01.2019 | 35,000 |
| 4.. | ശാന്ത സി.<br>അമ്പി വിലാസം<br>കുറവൻ തേരി വാർഡ്-V | 8/19.01.2019 | 35,000 |
| 5. | ശാരദ<br>കാഞ്ഞിരം വിള വീട്,<br>അലയമൺ വാർഡ്-III | 9/25.01.2019 | 35,000 |
| 6. | ഓമന കെ.<br>ഉത്തംപള്ളി വയലിൽ പണയിൽ വീട്,<br>അലയമൺ വാർഡ്-II | 8/19.01.2019 | 35,000 |
| 7. | സുനിൽകുമാർ.എസ്,<br>നെല്ലി വിള വീട് വാർഡ്-III | 10/10.02.2019 | 35,000 |
| | | 10/10.02.2019 | 35,000 |

| | | | |
|---|---|---|---|
| 8. | ലീല<br>ചരുവിള പുത്തൻ വീട്<br>അലയമൺ വാർഡ്-III | 10/10.02.2019 | 35,000 |
| 9. | വത്സല<br>ആനക്കുളം വാർഡ്-VIII | 12/01.03.2019 | 35,000 |

മേൽ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അനുസരിച്ച് ഹാജരാക്കിയ രേഖകളിൽ ഗുണഭോക്താക്കൾക്ക് തുടർ വർഷങ്ങളിൽ തുക നൽകി പുനരുദ്ധാരണം പൂർത്തീകരിച്ച രേഖകൾ ഹാജരാക്കിയില്ല. പുനരുദ്ധാരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 9/28.2.2020

## 1-24 ഇലക്ട്രിസിറ്റി ബോർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി നിക്ഷേപിച്ച തുക – പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2018-2019 സാമ്പത്തിക വർഷം പോസ്റ്റ് ഷിഫ്റ്റിംഗിനായി ചുവടെ ചേർത്തിരിക്കുന്ന തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1. | 21800184/11.06.2018 | 223773/11.06.2018 | 1,40,000 |
| 2. | 21800264/23.07.2018 | 128826/17.07.2018 | 28,940 |
| 3. | 21800514/16.1.2018 | 128908/05.01.2018 | 13,554 |
| 4. | 21800539/16.11.2018 | 128916/12.11.2018 | 47,422 |
| | | | 2,29,916 |

ഈ ഡെപ്പോസിറ്റ് വർക്കുകൾക്കായി അഡ്വാൻസായി നൽകിയ തുകയ്ക്കുള്ള തുക പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയിട്ടുള്ള തുക തടസ്സപ്പെടുത്തുന്നു. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 18/04.03.2020

തടസ്സപ്പെടുത്തിയ തുക – 2,29,916/-

## 1-25 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയ തുക - അടച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2018-2019 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി സംഭാവന നൽകിയ ചുവടെ ചേർക്കുന്ന തുകയുടെ അടവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| 1. | 128860/04.09.2018 (ചുണ്ണപ്പേട്ട എസ്സ്.സി.ബി) | 33,844 |
| 2. | 21800460/6.10.2018<br>(ട്രഷറി സേവിംഗ്സ് ബാങ്ക്) | 1,72,182 |
| 3. | 128917/14.11.2018 (ചുണ്ണപ്പേട്ട എസ്സ്.സി.ബി) | 25,996 |
| 4. | 128948/11.12.2018 (ചുണ്ണപ്പേട്ട എസ്സ്.സി.ബി) | 39,311 |
| 5. | 128971/4.01.2019 (ചുണ്ണപ്പേട്ട എസ്സ്.സി.ബി) | 38,966 |
| 6. | 129706/20.02.2019 (ചുണ്ണപ്പേട്ട എസ്സ്.സി.ബി) | 33,466 |
| ആകെ | | 3,43,765 |

തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിക്ക് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയിട്ടുള്ള തുക തടസ്സപ്പെടുത്തുന്നു. തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം നിശ്ചിത സമയത്തിനകം ഒഴിവാക്കാത്ത പക്ഷം 3,43,765/- രൂപ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നതായിരിക്കും.

ഓഡിറ്റ് എൻക്വയറി നമ്പർ – 18/04.03.2020

തടസ്സപ്പെടുത്തിയ തുക – 3,43,765/-

## 1-26 ലൈഫ് ഭവന പദ്ധതി 4 ഭവനങ്ങൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

ലൈഫ് ഭവന നിർമ്മാണത്തിനായി 2018-2019 സാമ്പത്തിക വർഷത്തിൽ 2 ഭവന

നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. രണ്ട് പദ്ധതികളിലുമായി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

1)

| പദ്ധതി നമ്പർ | എസ്. 22/2018-2019 | | |
|---|---|---|---|
| പേര് | ഭവന നർമ്മാണം ജനറൽ | | |
| അടങ്കൽ | വികസന ഫണ്ട് | 33,00,000 | 5,32,54,049 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 14,16,197 | |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 16,23,819 | |
| | മറ്റുള്ളവ | 4,69,14,033 | |
| ചെലവ് | വികസന ഫണ്ട് | 32,80,000 | 2,06,20,000 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 14,00,000 | |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 12,80,000 | |
| | മറ്റുള്ളവ | 1,46,60,000 | |

ഈ പദ്ധതിയിൽ 97 ഗുണഭോക്താക്കൾ ഉടമ്പടി ചമച്ചു. ഇതിൽ 95 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക | | |
|---|---|---|---|---|
| 1. | ഉസൈഫാ ബീവി,<br>വയലിറക്കത്ത്,<br>തൗഫീക്ക് മൻസിൽ | 40,000 | 15.10.2018 | 2,00,000 |
| | | 1,60,000 | 11.04.2019 | |
| 2. | സുലേഖ ബീവി,<br>കല്ലുകുന്നുംപുറത്ത് വീട്,<br>കരുകോൺ | 40,000 | 18.03.2019 | 3,00,000 |
| | | 1,60,000 | 09.07.2019 | |
| | | 1,00,000 | 10.12.2019 | |

2)

| പദ്ധതി നമ്പർ | എസ്. 23/2018-2019 | | |
|---|---|---|---|
| പേര് | ഭവന നർമ്മാണം (എസ്.സി.പി) | | |
| അടങ്കൽ | വികസന ഫണ്ട് | 25,66,200 | 2,05,66,200 |
| | | | |

| | | | |
|---|---|---|---|
| | ജില്ലാ പഞ്ചായത്ത് വിഹിതം | 12,89,989 | |
| | മറ്റുള്ളവ | 1,67,10,011 | |
| ചെലവ് | വികസന ഫണ്ട് | 24,40,000 | 62,40,000 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 8,00,000 | |
| | മറ്റുള്ളവ | 30,00,000 | |

ഈ പദ്ധതിയിൽ 25 ഗുണഭോക്താക്കൾ ഉടമ്പടി ചമച്ചു. ഇതിൽ 23 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക | | |
|---|---|---|---|---|
| 1. | കൊച്ചുപെണ്ണ്, പടിഞ്ഞാറ്റിൻകര പുത്തൻവീട്, വനത്തുംമുക്ക് | 40,000 | 11.10.2018 | 3,00,000 |
| | | 1,60,000 | 22.02.2019 | |
| | | 1,00,000 | 06.08.2019 | |
| 2. | സാവിത്രി, പാറയ്ക്കൽ പുത്തൻ വീട്, കരുകോൺ | 40,000 | 30.11.2018 | 3,00,000 |
| | | 1,60,000 | 22.02.2019 | |
| | | 1,00,000 | 11.04.2019 | |

മേൽ രണ്ട് പദ്ധതികളിലും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 10/28.02.2020 |

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 എം.സി.എഫ് ഷെഡ് നിർമ്മാണം- എം ബുക്ക്

## അളവുകളും യഥാർത്ഥ അളവുകളും തമ്മിൽ വ്യതിയാനം. 4095/- രൂപ തിരികെ ഇടാക്കണം.

പ്രോജക്ട് നം. – 53/19

അടങ്കൽ തുക. – 500000/-(വികസന ഫണ്ട്)

നിർവ്വഹണ അധികാരി. – അസി. എഞ്ചിനീയർ.

ചെലവ്. – 493455/-ബിൽ നം.295/23.3.19

കരാറുകാരൻ. – ഷാജഹാൻ.എ

കരാർ നം. – 73/AE/LSGD/ALYN/16.10.18

എം ബുക്ക് നം. – 109/18-19,82/18-19,83/18-19.

എം.സി.എഫ് ഷെഡ് നിർമ്മാണം എന്ന പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടം 26.02.2020ന് പഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയറുടെയും ഓവർസിയറുടെയും സാന്നിധ്യത്തിൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയതിൽ, പ്രവർത്തിയുടെ നാലാം ഇനമായ 7.1.1-random rubble masonry...., ആറാം ഇനമായ 50.6.1.5 Solid Block Masonary....എന്നീ പ്രവൃത്തികളുടെ എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളും പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട യഥാർത്ഥ അളവുകളും തമ്മിൽ വ്യത്യാസമുള്ളതായി കണ്ടു. അളവുകൾ തമ്മിലുള്ള മൂല്യ വ്യത്യാസം ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.

1. 7.1.1-random rubble masonry....

എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ

2 x 5.25x 0.45x 0.47 = 2.221 $m^3$

2x3.35x0.45x0.47 = 1.418 $m^3$

ആകെ – 3.639$m^3$

പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട അളവുകൾ

2x 5.05x0.45x0.47 = 2.136 $m^3$

2x3.10x0.45x0.47 = 1.311 $m^3$

ആകെ – 3.447 $m^3$

അളവുകളിലെ വ്യത്യാസം = 0.191 $m^3$

0.191 $m^3$@5809.39 = 1115/- രൂപ

2. 50.6.1.5 Solid Block Masonary....

എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ.

2x5.4x0.2x2.1 = 4.536 $m^3$

2x5.4x0.2x0.75 = 1.62 $m^3$

ആകെ – 6.156 $m^3$

പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട അളവുകൾ.

2x4.95x0.2x2.1 = 4.158 $m^3$

2x4.95x0.2x0.75 = 1.485 $m^3$

ആകെ – 5.643 $m^3$

അളവുകളിലെ വ്യത്യാസം = 0.513.$m^3$

0.513 $m^3$@5809.87 = 2980/- രൂപ

മേൽ പരാമർശ അപാകതകൾ മൂലം 4095/- രൂപ കരാറുകാരന് അനർഹമായി നൽകിയിട്ടുണ്ട്. 4095/- രൂപ കരാറുകാരനിൽനിന്നോ, ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽനിന്നോ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-2 റീടാറിങ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല,10959/-രൂപയുടെ നഷ്ടം.

2018 -19 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 'Packed Bitumen rate' ആണ് അനുവദിച്ച് നൽകിയിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരലുകളുടെ വില കുറവ് വരുത്തിയിട്ടില്ല എന്ന് കാണുന്നു.

1. എൻ.എസ്.എസ്.ഊത്താംപള്ളി – കളീലഴികം റോഡ് റീടാറിങ് (148 /19).

അടങ്കൽ തുക. – 684000/-(മെയിന്റനൻസ് ഗ്രാന്റ്).

ചെലവ്. – 683826/-, ബിൽ നം. – 11/24.05.18.

കരാറുകാരൻ. – കെ. ബദറുദ്ദീൻ.

കരാർ നം. – 69/17-18, തീയതി – 09/01/2018.

എം ബുക്ക് നം. – 46/17-18.

| പ്രവർത്തിഇനം | അളവ് | ബിറ്റുമിൻ ഇനം/അളവ് | ബാരലുകളുടെ എണ്ണം |
|---|---|---|---|
| 75.5.5.A.1.pb | 208.89$m^2$ | S-65, 366kg | 2 |
| 75.5.9.1.2.pb | 2010$m^2$ | ,, 2035kg | 19 |
| 75.5.12.A.32.pb | 2010$m^2$ | ,, 1306kg | 8 |
| 75.5.2.1.pb | 2010$m^2$ | RS1-452kg | 2 |

2. പാറക്കാട്ട് ഹോസ്പിറ്റൽ- ഉത്താംപള്ളി റോഡ് റീടാറിംഗ്.(143/19).

അടങ്കൽ തുക. – 542000/-(മെയിന്റനൻസ് ഗ്രാന്റ്).

ചെലവ്. – 393253/-(ബിൽ നം.03/24.05.18.)

കരാറുകാരൻ. – ഷിജു.സി.രാജു.

കരാർ നം. – 71/17-18, തീയതി - 10/01/2018.

എം ബുക്ക് നം. – 58/17-18.

| പ്രവർത്തിഇനം | അളവ് | ബിറ്റുമിൻ ഇനം/അളവ് | ബാരലുകളുടെ എണ്ണം |
|---|---|---|---|
| 75.5.5.A.1.pb | 51.041$m^2$ | S-65, 89kg | 0 |
| 75.5.9.1.2.pb | 540$m^2$ | ,, 788kg | 5 |
| 75.5.12.A.32.pb | 540$m^2$ | ,, 351kg | 2 |
| 75.5.2.1.pb | 540$m^2$ | RS1-121kg | 1 |

ആകെ എണ്ണം 39. 39 ബാരലുകൾക്ക് 238/- രൂപ നിരക്കിൽ (നികുതിയില്ലാതെയുള്ള നിരക്ക്) ആകെ – 9282/- രൂപ നഷ്ടമുണ്ടായതായി ഓഡിറ്റിൽ കണക്കാക്കുന്നു.

മേൽ അപാകതയ്ക്ക് മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/3.3.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 9282/-രൂപ

അതാത് കരാറുകാരിൽനിന്നോ, അല്ലാത്ത പക്ഷം, ബന്ധപ്പെട്ട പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി1-1062/19/17.9.2019 | 17.7.2019-18.7.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 39032 | 26/19 നെൽക്കൃഷി വികസനം | 39032 | |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 270000 | 14/19 ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 270000 | |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 1452197 | 22/ലൈഫ് പദ്ധതി-ജനറൽ | 140000 | 52197 |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 100000 | 96/19 പുളിഞ്ചി-മുതലാറ്റ് റോഡ് കോൺക്രീറ്റിംഗ് | 100000 | |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 100000 | 97/19 മുതലാറ്റ് വടക്കേക്കോണം റോഡ് കോൺ ക്രീറ്റിംഗ് | 100000 | |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 100000 | 116/19 പുഞ്ചക്കോണം മുതലാറ്റ് ചേലപ്പള്ളിൽ റോഡ് പാർശ്വഭിത്തി | 100000 | |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 100000 | 117/19 പുഞ്ചക്കോണം നെല്ലിപ്പറമ്പിൽ റോഡ് കോൺ | 100000 | |

| | | | | | |
|---|---|---|---|---|---|
| | | | ക്രീറ്റിംഗ് | | |
| ബ്ലോക്കപഞ്ചായത്ത് | 2018-19 | 100000 | 118/19 കുട്ടിനാട് ശിവക്ഷേത്രം റോഡ് കോൺ ക്രീറ്റിംഗ് | 100000 | |
| ജില്ലാപഞ്ചായത്ത് | 2018-19 | 200000 | 10/19 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 200000 | |
| ജില്ലാപഞ്ചായത്ത് | 2018-19 | 70000 | 14/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 70000 | |
| ജില്ലാപഞ്ചായത്ത് | 2018-19 | 1802252 | 22/ ലൈഫ് പദ്ധതി-ജനറൽ | 1280000 | 522252 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1111556 | 23/19 ലൈഫ് പദ്ധതി-എസ്.സി | 800000 | 311556 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 59/19 കാരായിക്കോണം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 200000 | - | 200000 |
| കേരള വാട്ടർ അതോറിറ്റി | 39/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 1300000 | - | 1300000 |
| കേരള വാട്ടർ അതോറിറ്റി | 58/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 158000 | - | 158000 |
| കേരള വാട്ടർ അതോറിറ്റി | 61/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 158914 | - | 158914 |
| കേരള വാട്ടർ അതോറിറ്റി | 169/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 600000 | - | 600000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,76,98,680/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC<br>ലൈഫ് ഭവനപദ്ധതി | ലഭ്യമല്ല | 17698680 | - | - | - | 17698680 |
| HUDCO | ലഭ്യമല്ല | 22500 | - | - | - | 22500 |

- 
- 

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-1 | 2006-07 | 3-1<br>8-3 | ഉപയോഗ ശൂന്യമായ പവർടില്ലർ ലേലം | ഒരു പവർ ടില്ലർ ലേലം ചെയ്തു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 88911492 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81611767 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13372 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1762897 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4090 | ശ്രീമതി. ഷൈന ഹാഷിം, എ.ഇ |
| 3-2 | | 9282 | ശ്രീ. അനീഷ്കുമാർ, എ.ഇ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 254000 | ശ്രീമതി. ഷാജിതാബീഗം, അസി. സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-22 | 935216 | ശ്രീ. അനീഷ്കുമാർ, എ.ഇ |
| 1-25 | 229916 | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |
| 1-26 | 343765 | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനീഷ്കുമാർ, എ.ഇ | എ.ഇ, കോന്നി ഗ്രാമപഞ്ചായത്ത് | അഭിലാഷ് ഭവൻ, ഇളമാട്.പി.ഒ |
| ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി | സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് വീട്, തൃക്കോവിൽവട്ടം, മുഖത്തല |
| ശ്രീമതി. ഷാജിതാബീഗം, അസി, സെക്രട്ടറി | സെക്രട്ടറി, ആനക്കയം ഗ്രാമപഞ്ചായത്ത് | മാങ്കുന്നിൽ ഹൗസ്, പെരിങ്ങാട്, ചാണപ്പാറ. പി.ഒ |
| ശ്രീമതി. ഷൈന ഹാഷിം, എ.ഇ | എ.ഇ, ഏരൂർ ഗ്രാമപഞ്ചായത്ത് | കുന്നുവിള, കുരക്കണ്ണി, വർക്കല. പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/02-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/02-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/02-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/02-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/02-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/02-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(10)/02-03-2018 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/447(11)/02-03-2018 |
| 2006-07 | എൽ.എഫ്.ക്യൂ/പി1/796(2)/19/10.06.19 |
| 2007-08 | എൽ.എഫ്.ക്യൂ/പി1/796(1)/19/10.06.19 |
| 2008-09 | എൽ.എഫ്.ക്യൂ/പി1/796(3)/19/10.06.19 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ/പി1/796(4)/19/10.06.19 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ/പി1/29/20/05.05.20 |
| 2013-14 & 2014-15 | എൽ.എഫ്.ക്യൂ/പി1/1132/2016/14.4.17 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-1/1353/2017/17.03.18 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-1/890/2018/9.7.2018 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-1/56/2019/9.12.19 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.എൽ.എം.പി.1/426/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

പഴയ മുനിസിപ്പൽ ബിൽഡിംഗ്,

ചിന്നക്കട, കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി : 05/06/2020

<u>സാക്ഷ്യപത്രം 2018-2019</u>

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2018-2019 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2018-2019 ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഫീസ്, കൊല്ലം

# അനുബന്ധം-2 സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഫീസ്, കൊല്ലം